# 45 ഡിഗ്രി ചരിവിൽ മിയാവാക്കി വനം, ഒടുവിൽ ആഗോള പുരസ്കാരവും

● വേൾഡ് ട്രാവൽ മാർട്ടിൽ ഇന്ത്യയിലെ കാർബൺ ലഘൂകരണ വിഭാഗത്തിലാണ് വെള്ളി മെഡൽ ലഭിച്ചത്



പുളിയറക്കോണത്തെ മിയാവാക്കി വന മാതൃക

**തിരുവനന്തപുരം:** തലസ്ഥാന നഗരത്തിൽ അങ്ങിങ്ങ് ആരുമറിയാതെ ബഹളമില്ലാതെ വളർന്ന പച്ചപ്പിന്റെ പര്യായമായി മാറിയ 'മിയാവാക്കി വന മാതൃക'ക്ക് അന്താരാഷ്ട്ര അംഗീകാരം. ലണ്ടനിൽ നടക്കുന്ന വേൾഡ് ട്രാവൽ മാർട്ടിൽ മിയാവാക്കി മാതൃകയിലുള്ള വനവത്കരണ പ്രവർത്തനങ്ങൾക്കാണ് ഇന്ത്യയിലെ കാർബൺ ലഘൂകരണ വിഭാഗത്തിലെ വെള്ളി മെഡൽ ലഭിച്ചത്.

തിരുവനന്തപുരത്ത് പുളിയറക്കോണത്ത് 45 ഡിഗ്രി ചെരിവുള്ള സ്ഥലത്ത് മിയാവാക്കി മാതൃകാ പരീക്ഷണത്തിലൂടെ വനവത്കരണം സാധ്യമാക്കിയതിനാണ് ഇൻവിസ് മൾട്ടി മീഡിയ എന്ന സ്ഥാപനത്തിന് പുരസ്കാരം. വനവത്കരണത്തിനൊപ്പം 500 ഓളം സസ്യ ഇനങ്ങളും നട്ടുപിടിപ്പിച്ചു. മരങ്ങൾ വളർന്നതോടെ ശലഭങ്ങൾക്കും പക്ഷികൾക്കും ഇരിപ്പിടം ഒരുങ്ങിയതോടൊപ്പം പ്രദേശത്തെ ഭൂഗർഭ ജലനിരപ്പും ഉയർന്നു. ആഗോളതാപന പശ്ചാത്തലത്തിൽ ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്നതിനാണ് പുരസ്കാരം.

ജപ്പാനിലെ യോക്കോഹാമ നാഷനൽ യൂനിവേഴ്സിറ്റിയിലെ പ്രഫസറും അന്താരാഷ്ട്ര അംഗീകാരം നേടിയ സസ്യശാസ്ത്രജ്ഞനുമായിരുന്ന ഡോ. അകിരാ മിയാവാക്കി 1970 കളിൽ വികസിപ്പിച്ചെടുത്തതാണ് മിയാവാക്കി മാതൃക വനവത്കരണം. ജപ്പാനിലടക്കം 17 രാജ്യങ്ങളിലായി മൂന്നരക്കോടിയിലധികം ചെടികൾ പ്രഫ. മിയാവാക്കി തന്നെ നട്ടുപിടിപ്പിച്ചു.